**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.112 29.09.2011 - ൽ മറുപടിക്ക്**

**<u>നാഷണൽ ഹൈവേ - സ്ഥലം ഏറ്റെടുക്കുന്നതിന് പാക്കേജ്</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ഒരു പാക്കേജ് തയ്യാറാക്കാൻ ആലോചിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത പാക്കേജിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(സി) പരാതി ഉന്നയിച്ചവരുമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി കൂടി ഉൾപ്പെടുത്തി പാക്കേജ് രൂപപ്പെടുത്താൻ നടപടി എടുക്കുമോ? | (എ) (ബി) & (സി) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസപാക്കേജ് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ പുനരധിവാസ, പുന: ക്രമീകരണ നയത്തിന്റെ കരട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി 13.09.2011 -ലെ സ.ഉ.(സാധാ)3971/2011/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് മന്ത്രി (കൺവീനർ), പൊതുമരാമത്ത് വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന ഉപസമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

Sabitha

സെക്ഷൻ ഓഫീസർ